# NEWS PAPER CUTTINGS ON 20.12.2023 IN KOZHIKODE RURAL

MANORAMA DAILY

1) KAAPA impose against one Sirajudheen Thangal



## കാപ്പ ചുമത്തി ജയിലിലടച്ചു

കൊടുവള്ളി ● കൊലപാതകം, മോഷണം, പിടിച്ചുപറി, ലഹരിവിൽപനഉൾപ്പെടെ ഒട്ടേറെ കേസുകളിൽ പ്രതിയായ വാവാട് മോട്ടമ്മൽ സിറാജുദ്ദീൻ തങ്ങളെ (28) കലക്ടറുടെ നിർദേശപ്രകാരം കാപ്പ ചുമത്തി കൊടുവള്ളി പൊലീസ് ജയിലിലടച്ചു. താമരശ്ശേരി, കാക്കൂർ, കൊടുവള്ളി, ടൗൺ, മെഡിക്കൽ കോളജ്, കസബ, ചെമ്മങ്ങാട്, ഫറോക്ക്, പനമരം, വൈത്തിരി തുടങ്ങിയ സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസുണ്ട്. ചൊവ്വാഴ്ച കാസർകോട് നിന്നു കോഴിക്കോട്ട് എത്തിയ ഇയാളെ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് പിടികൂടിയത്.

സിറാജുദ്ദീൻ തങ്ങൾ.

2) Seized gold at Karipur Airport



## 4 വിമാനയാത്രക്കാരിൽനിന്ന് 2 കോടിയുടെ സ്വർണം പിടിച്ചു

കരിപ്പൂർ ● കുഞ്ഞുടുപ്പുകളിൽ ബട്ടണുകളുടെ രൂപത്തിൽ ഒളിപ്പിച്ച സ്വർണവുമായി ഒരു യാത്രക്കാരൻ വിമാനത്താവളത്തിനു പുറത്തും ശരീരത്തിൽ ഒളിപ്പിച്ച സ്വർണ മിശ്രിതവുമായി 3 യാത്രക്കാർ വിമാനത്താവളത്തിനകത്തും പിടിയിലായി. 4 പേരിൽനിന്നായി ഏകദേശം 2 കോടിയിലേറെ രൂപയുടെ സ്വർണം കണ്ടെടുത്തു.

കാസർകോട് സ്വദേശി മുഹമ്മദ് ബിഷറത്ത് (24) ആണ് ലഗേജിൽകൊണ്ടുവന്ന, സ്വർണ ബട്ടൺ പിടിപ്പിച്ച വസ്ത്രങ്ങളുമായി പിടിയിലായത്. 12 ഉടുപ്പുകളിൽനിന്ന് സ്വർണ ബട്ടണുകൾ കണ്ടെടുത്തു. ഇതിൽ എത്ര സ്വർണമുണ്ടെന്നു സ്ഥിരീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

അബുദാബിയിൽനിന്നെത്തിയ മലപ്പുറം മീനടത്തൂർ സ്വദേശി മുത്തേടത്ത് ശിഹാബുദ്ദീൻ (44), തളിപ്പറമ്പ് സ്വദേശിനി ആശ തോമസ് (33) എന്നിവർ ഡിആർഐയും കസ്റ്റംസും ചേർന്നു നടത്തിയ പരിശോധനയിൽ പിടിയിലായി. ഇരുവരിൽനിന്നുമായി കണ്ടെടുത്ത 2.3 കിലോഗ്രാം മിശ്രിതത്തിൽനിന്ന് 2.14 കിലോഗ്രാം സ്വർണം ലഭിച്ചു. ഇതിന് 1.33 കോടി രൂപ മൂല്യമുണ്ട്.

അബുദാബിയിൽനിന്നെത്തിയ കോഴിക്കോട് കല്ലാച്ചി സ്വദേശി യു.ഹാരിസ് (42) 906 ഗ്രാം സ്വർണമിശ്രിതവുമായി പിടിയിലായി. ഇതിൽനിന്ന് 52 ലക്ഷം രൂപയുടെ 842 ഗ്രാം സ്വർണം വേർതിരിച്ചെടുത്തതായി കസ്റ്റംസ് അറിയിച്ചു. കാപ്സ്യൂൾ രൂപത്തിലുള്ള മിശ്രിതം ശരീരത്തിൽ ഒളിപ്പിച്ചാണ് മൂവരും സ്വർണം കടത്താൻ ശ്രമിച്ചത്.

കുഞ്ഞുങ്ങളുടെ വസ്ത്രങ്ങളിൽ ഒളിപ്പിച്ച 'സ്വർണ ബട്ടണുകൾ' പൊലീസ് പുറത്തെടുത്തപ്പോൾ.

## MATHRUBHUMI DAILY

1) **Assault against IUML Worker**

**Vatakara PS Cr No 1349/2023 U/s 143, 147, 148, 341, 323, 324, 308, 506 r/w 149 IPC**

### മുസ്‌ലിംലീഗ് പ്രവർത്തകനെ ആക്രമിച്ചതായി പരാതി

**ആയഞ്ചേരി**► ആയഞ്ചേരി കുറ്റ്യാടി പൊയിലിൽ കഴിഞ്ഞദിവസം രാത്രി വാഹനത്തിൽ പോവുകയായിരുന്ന മുസ്‌ലിംലീഗ് പ്രവർത്തകനെ ആക്രമിച്ചതായി പരാതി.

നങ്ങ്യാറത്ത് അബ്ദുൽ അഹദാണ് ആക്രമണത്തിന് ഇരയായത്. പരിക്കേറ്റ അഹദ് വടകര ഗവ. ആശുപത്രിയിൽ ചികിത്സയിലാണ്. സി.പി.എം. പ്രവർത്തകരാണ് അക്രമത്തിന് പിന്നിലെന്ന് ലീഗ് ആരോപിച്ചു. അക്രമികളെ അറസ്റ്റുചെയ്യണമെന്ന് കുറ്റ്യാടി മണ്ഡലം മുസ്‌ലീംലീഗ് പ്രസിഡൻറ് നൊച്ചാട്ട് കുഞ്ഞബ്ദുല്ല, ലീഗ് പഞ്ചായത്ത് പ്രസിഡൻറ് കിളിയമ്മൽ കുഞ്ഞബ്ദുല്ല, ജനറൽസെക്രട്ടറി ഹാരിസ് മുറിച്ചാണ്ടി എന്നിവർ ആവശ്യപ്പെട്ടു.

**2) Two accused arrested in robbery case**

**Thamarassery PS Cr No 947/2023 U/s 341, 324, 395, 397 IPC**

താമരശ്ശേരി ചുരത്തിൽ കാറും 68 ലക്ഷവും കവർന്ന സംഭവം

### കവർച്ചസംഘത്തെ സഹായിച്ച രണ്ടുപേർ അറസ്റ്റിൽ


സുബീഷ്


അജിത്

**താമരശ്ശേരി**► താമരശ്ശേരി ചുരത്തിൽ പട്ടാപ്പകൽ കാർ തടഞ്ഞുനിർത്തി യുവാവിനെ ആക്രമിച്ച് 68 ലക്ഷം രൂപയും മൊബൈൽ ഫോണും കവരുകയും കാർ തട്ടിയെടുത്ത് കടന്നുകളയുകയും ചെയ്ത സംഘത്തെ സഹായിച്ച രണ്ടുപേർ പിടിയിൽ. താമരശ്ശേരി മൂന്നാംതോട് മുട്ടുകടവ് സുബീഷ് എന്ന കുപ്പി സുബീഷ് (40), താമരശ്ശേരിയിൽ വാടകയ്ക്ക് താമസിക്കുന്ന കണ്ണൂർ ഇരിട്ടി പായം കോയിലേരി ഹൗസിൽ അജിത്ത് ഭാസ്കരൻ (30) എന്നിവരാണ് അറസ്റ്റിലായത്. താമരശ്ശേരി ഡിവൈ.എസ്.പി. ഇൻ ചാർജ് പി. പ്രമോദ്, താമരശ്ശേരി ഇൻസ്പെക്ടർ എ. സായൂജ്കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം താമരശ്ശേരി നഗരത്തിലെ ഒരു ലോഡ്ജിൽ വെച്ചാണ് ഇരുവരെയും പിടികൂടിയത്.

കർണാടകയിലും വയനാട് അമ്പലവയലിലും കുഴൽപ്പണം കടത്തുന്ന സംഘത്തെ കവർച്ച ചെയ്ത കേസുകളിൽ ജയിൽശിക്ഷ അനുഭവിച്ചയാളാണ് അജിത്തെന്ന് പോലീസ് അറിയിച്ചു. ഒട്ടേറെ അക്രമക്കേസുകളിൽ പ്രതിയാണ് സുബീഷ്.

മൈസൂരുവിൽ നിന്ന് കൊടുവള്ളിയിലേക്ക് സ്വർണം വാങ്ങാൻ പണവുമായി വരാറുള്ള മൈസൂരു ലഷ്കർ മൊഹല്ല സ്വദേശി വിശാൽ ദശത് മഡ്കരി (27) യെക്കുറിച്ചുള്ള വിവരം കവർച്ചസംഘത്തിന് കൈമാറിയത് സുബീഷ് ആയിരുന്നെന്ന് പോലീസ് പറയുന്നു. 13-ന് രാവിലെ എട്ടുമണിക്ക് താമരശ്ശേരി ചുരത്തിലെ ഒമ്പതാം വളവിന് താഴെവെച്ച് വിശാൽ ദശത് മഡ്കരിയെ ആക്രമിച്ച് കവർച്ച നടത്തുന്നതിന് രണ്ടുദിവസം മുമ്പുതന്നെ താമരശ്ശേരി നഗരത്തിലെ ഒരു ലോഡ്ജിൽ ഇരുവരും ചേർന്ന് മുറിയെടുത്ത് കവർച്ചയുടെ ആസൂത്രണത്തിൽ പങ്കാളികളായിരുന്നു. സുബീഷിന്റെ മുട്ടുകടവിലെ വീട്ടുപരിസരത്തുവെച്ചാണ് പ്രതികൾ കാറുകളുടെ നമ്പർ പ്ലേറ്റുകൾ മാറ്റിയത്. ഇരുവരുടെയും അറസ്റ്റോടെ കേസിൽ ഇതിനകം മൊത്തം നാലുപേർ പിടിയിലായി. അക്രമിസംഘം സഞ്ചരിച്ച കാറുകളിലൊന്ന് വാടകയ്ക്കെടുക്കുകയും കവർച്ചയുടെ ഭാഗമാവുകയും ചെയ്ത തൃശ്ശൂർ കൊടുങ്ങല്ലൂർ പുല്ലൂറ്റ് അലങ്കാരത്ത്പറമ്പിൽ വീട്ടിൽ ഷാമോൻ (23), എറണാകുളം ചെട്ടിക്കാട് കുഞ്ഞിത്തൈ കളത്തിൽവീട്ടിൽ തോമസ് എന്ന തൊമ്മൻ (40) എന്നിവർ നേരത്തേ അറസ്റ്റിലായിരുന്നു.